# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1346 | 06.02.2020-ന് മറുപടിയ്ക്ക് |
|---|---|

## ആറ്റുപുഴ-ഇല്ലിക്കൽ ലാന്റ് അക്വിസിഷൻ പ്രവൃത്തി

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ഉത്തരം<br>ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | കോട്ടയം മണ്ഡലത്തിൽ ബേക്കർ ജംഗ്ഷൻ മുതൽ ഇല്ലിക്കൽ വരെയുള്ള റോഡ് വികസന പ്രവൃത്തിയുടെ ഭാഗമായി ആറ്റുപുഴ മുതൽ ഇല്ലിക്കൽ വരെയുള്ള ലാന്റ് അക്വിസിഷൻ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; | (എ) യും (ബി) യും | കോട്ടയം-കുമരകം റോഡ് വികസനത്തിനു വേണ്ടി കോട്ടയം, വേളൂർ എന്നീ വില്ലേജുകളിൽ ഉൾപ്പെട്ടു വരുന്ന 0.2991 ഹെക്ടർ സ്ഥലം എൽ.എ.ആർ.ആർ. ആക്ട്, 2013 പ്രകാരം ഏറ്റെടുക്കുന്നതിന് 24.05.2016-ലെ ജി.ഒ(ആർ.ടി)2426/16/ആർ.ഡി നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. സ്ഥലമേറ്റെടുക്കൽ നടപടിയുമായി മുന്നോട്ടുപോകുന്നതിന് 5% കണ്ടിജൻസി ചാർജ്ജ് അടയ്ക്കുന്നതിനായി അർത്ഥനാധികാരിയായ കോട്ടയം പി.ഡബ്ല്യു.ഡി (റോഡ്സ് ഡിവിഷൻ) എക്സിക്യൂട്ടീവ് എഞ്ചിനീയറോട് നിരവധി തവണ ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രസ്തുത തുക അടവാക്കാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് എൽ.എ.ആർ.ആർ. ആക്ട്, 2013-ലെ മാനദണ്ഡങ്ങൾക്കനുസരിച്ച് സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. |
| (ബി) | റോഡ് വികസനം പൂർത്തിയാക്കുവാൻ ഇനി എത്ര ഭൂമി അക്വയർ ചെയ്യാനുണ്ടെന്നും ആയത് എന്നേക്ക് പൂർത്തിയാക്കാനാവുമെന്നും വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ